(ബി) അദ്ദേഹത്തിന്റെ പ്രതിമാസ വൈദ്യുതി ചാർജ് എത്ര ആയിരുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 11/1999 മുതൽ 5/2000 വരെ കാലയളവിലേക്ക് 2383 രൂപക്കുള്ള അഡീഷണൽ ബില്ലാണ് നൽകിയത്.

(ബി) 197 രൂപ.

കുമ്പനാട് 33 കെ.വി. സബ്സ്റ്റേഷൻ

95(311) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പനാട് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 33 കെ.വി. സബ്സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) സബ് സ്റ്റേഷന്റെ പണി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പനാട് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 33 കെ.വി. സബ്സ്റ്റേഷന് ആവശ്യമായ സ്ഥലം വാങ്ങുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഉടനെ സ്ഥലം രജിസ്റ്റർ ചെയ്യുന്നതാണ്.

(ബി) സബ്സ്റ്റേഷന്റെ പണി ടെണ്ടർ വിളിച്ചു. ഇവാല്യൂവേഷൻ ചെയ്തു കൊണ്ടിരിക്കുന്നു.

വൈദ്യുതി ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം

96(312) ശ്രീ. എം. മുരളി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) ജീവനക്കാർക്ക് എത്ര ശതമാനം ഫിറ്റ്മെന്റ് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ശമ്പള പരിഷ്ക്കരണംമൂലം ഓരോ ശമ്പളനിരക്കിലുമുള്ള വർക്ക് എന്ത് തുകയുടെ ആനുകൂല്യം വീതം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് തീരുമാനമായിട്ടുണ്ട്. സർക്കാർ തലത്തിലും ബോർഡ് തലത്തിലും നില നിന്നിരുന്ന ശമ്പള സ്കെയിലുകൾ തമ്മിലുള്ള അന്തരം ആനുപാതികമായി

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കത്തക്കവിധം ഏറ്റവും കുറഞ്ഞ ശമ്പള സ്കെയിൽ 3050 രൂപയിൽ തുടങ്ങുക എന്ന മാനദണ്ഡമാണ് ബോർഡ് ശമ്പള പരിഷ്ക്കരണത്തിനു സ്വീകരിച്ചത്. നിലവിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ കൂടെ

1. 1-1-1996-ലെ ക്ഷാമബത്തയും

2. ഒരു വർഷത്തിനു ഒരു ശതമാനം എന്ന തോതിൽ, ചുരുങ്ങിയത് 50 രൂപയും പരമാവധി 20 ശതമാനവും എന്ന തോതിൽ വെയിറ്റേജും.

3. അടിസ്ഥാന ശമ്പളത്തിന്റെ 10 ശതമാനം അല്ലെങ്കിൽ കുറഞ്ഞത് 450 രൂപ എന്ന കണക്കിൽ ഫിറ്റ്മെന്റ് ആനുകൂല്യം എന്നിവ നൽകി പുതിയ ശമ്പളസ്കെയിലിലെ അടുത്ത ഉയർന്ന സ്റ്റേജിൽ ശമ്പളം നിജപ്പെടുത്തുക എന്ന തത്വമാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) ജീവനക്കാർക്ക് നിലവിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 10 ശതമാനം അല്ലെങ്കിൽ കുറഞ്ഞത് 450 രൂപ എന്ന തോതിൽ ഫിറ്റ്മെന്റ് ആനുകൂല്യം അനുവദിച്ചു. 10 ശതമാനത്തിന്റെ സ്ഥാനത്ത് 20 ശതമാനം എന്ന് കണക്കാക്കിയിരുന്നെങ്കിൽ കിട്ടുമായിരുന്ന തുക ലഭ്യമാകാത്ത ജീവനക്കാർക്ക് പ്രസ്തുത കുറവ് പരിഹരിക്കത്തക്കവിധം സ്പെഷ്യൽ പേ നൽകുന്നതിനും വ്യവസ്ഥയുണ്ട്.

(സി) ഈ ശമ്പള പരിഷ്ക്കരണം മൂലം 670 രൂപ മുതൽ 3000 രൂപ വരെ ആനുകൂല്യം ജീവനക്കാർക്ക് ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

വൈദ്യുതി ജീവനക്കാർക്ക് നൽകിയ അധിക ശമ്പളം

97(313) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ ജീവനക്കാർക്ക് അധികശമ്പളം നൽകിയതായി ഓഡിറ്റർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കോടിയുടെ നഷ്ടമാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) അധികം നൽകിയതായി പറയുന്ന തുക ബോർഡ് തിരിച്ചു പിടിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1996 ഏപ്രിലിനും 1997 സെപ്റ്റംബറിനും മദ്ധ്യേ ഇലക്ട്രിസിറ്റി ബോർഡിലെ 60 യൂണിറ്റുകളിൽ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച രേഖകൾ

LIBRARY ARCHIVES Kerala Legislative Assembly